പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2011–2014)

## മൂന്നാമത് റിപ്പോർട്ട്

(2012 ജൂലൈ 12-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**ആറന്മുള ഗ്രീൻഫീൽഡ് അന്താരാഷ്ട്ര വിമാനത്താവള പദ്ധതി ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
## (2011-2014)

## മൂന്നാമത് റിപ്പോർട്ട്

(2012 ജൂലൈ 12-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**ആറന്മുള ഗ്രീൻഫീൽഡ് അന്താരാഷ്ട്ര വിമാനത്താവള പദ്ധതി ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച്**

1126/2012.

# ഉള്ളടക്കം



| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| ആമുഖം | .. | ix |
| റിപ്പോർട്ട് | .. | 1 |

## പരിസ്ഥിതി സംബന്ധിച്ച സമിതി (2011–2014)

### സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. സി. പി. മുഹമ്മദ്.

<u>അംഗങ്ങൾ</u> :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

,, എ. എം. ആരിഫ്

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

,, കെ. എം. ഷാജി

,, എം. വി. ശ്രേയാംസ് കുമാർ

,, പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്

,, കെ. പ്രിയദർശനൻ, ജോയിന്റ് സെക്രട്ടറി

,, എസ്. തുളസീധരൻ, ഡെപ്യൂട്ടി സെക്രട്ടറി

,, രാജു, വൈ., അണ്ടർ സെക്രട്ടറി.

# അവതാരിക

പരിസ്ഥിതി സംബന്ധിച്ച സമിതി (2011-2014) യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2012 ജൂലൈ 9-ാം തീയതി കൂടിയ സമിതി യോഗം അംഗീകരിച്ചു.

സി. പി. മുഹമ്മദ്,

*ചെയർമാൻ,*

*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2012 ജൂലൈ 9.

## ആമുഖം

ആറന്മുളയിലെ വിമാനത്താവള നിർമ്മാണ പദ്ധതി സൃഷ്ടിച്ചേക്കാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ സംബന്ധിച്ച് ആശങ്കപ്പെട്ട് വിവിധ സംഘടനകളുടെയും വ്യക്തികളുടെയും പരാതികൾ സമിതിക്ക് ലഭിക്കുകയും ഗുരുതരമായ പാരിസ്ഥിതിക പ്രശ്നമാണ് ആറന്മുളയിൽ സംജാതമാകാൻ പോകുന്നതെന്ന് പരാതികൾ പരിശോധിച്ചതിൽ സമിതിക്ക് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആറന്മുളയിലെ ആവാസവ്യവസ്ഥയെ മാറ്റിമറിച്ചേക്കാവുന്ന ഈ ഉദ്യമത്തെ സംബന്ധിച്ച് സമഗ്രമായ ഒരു പഠനം നടത്തുന്നതിനും ആറന്മുളയുടെ രക്ഷയ്ക്കായി സമിതിയുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് കഴിയുന്ന വിധത്തിൽ സമഗ്രമായ ഒരു റിപ്പോർട്ട് തയ്യാറാക്കുവാനും സമിതി തീരുമാനിച്ചു.

വിഷയത്തിന്റെ ഗൗരവവും സങ്കീർണ്ണതയും ഉൾക്കൊണ്ടുകൊണ്ട് സർക്കാർ വകുപ്പുകൾ, സാമൂഹ്യ-സാംസ്കാരിക പ്രവർത്തകർ, സംഘടനാ പ്രതിനിധികൾ, പദ്ധതി നേരിട്ടുബാധിക്കുന്ന വ്യക്തികൾ, സ്ഥലം എം.എൽ.എ., കവയിത്രി ശ്രീമതി സുഗതകുമാരി, ബയോഡൈവേഴ്സിറ്റി ബോർഡ് മുൻ ചെയർമാനും സലിം അലി ഫൗണ്ടേഷൻ ഡയറക്ടറുമായ ഡോ. വി. എസ്. വിജയൻ, വിമാനത്താവള നിർമ്മാണത്തിന് സ്ഥലം വാങ്ങിയ കെ.ജി.എസ്. ഗ്രൂപ്പ് എന്നിവരിൽ നിന്നും വിവരങ്ങൾ ശേഖരിക്കുകയും 28-2-2012-ന് പ്രസ്തുത സ്ഥലം സന്ദർശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

# റിപ്പോർട്ട്

പത്തനംതിട്ട ജില്ലയിലെ ആറന്മുള എന്നു കേൾക്കുമ്പോൾ മലയാളിയുടെ മനസ്സിൽ ഓടിയെത്തുന്നത് ആറന്മുളകണ്ണാടിയും പമ്പയാറ്റിൽ വർഷം തോറും വഞ്ചിപ്പാട്ടിന്റെ അകമ്പടിയോടെ അരങ്ങേറുന്ന ഉതൃട്ടാതി വള്ളംകളിയുമാണ്. മലകളും പുഴകളും അരുവികളും പാടങ്ങളും നിറഞ്ഞ പ്രകൃതിരമണീയമായ ആറന്മുള എന്ന ഗ്രാമം ഒട്ടനേകം കലാ-സാംസ്കാരിക രംഗത്തെ പ്രഗത്ഭർക്ക് ജന്മം നല്കിയ നാടാണ്. ആറന്മുളയിലെ ജനങ്ങൾക്ക് പുഞ്ചനിലങ്ങളിലെ കൃഷിയും വിളവെടുപ്പിന് ശേഷമുള്ള താറാവുകൃഷിയും മത്സ്യകൃഷിയും നല്കുന്ന വരുമാനം സംതൃപ്തിയും വഞ്ചിപ്പാട്ടിന്റെ ഈരടികൾക്കൊപ്പം ചുവടുവയ്ക്കുന്ന പമ്പയാറ്റിലെ ഓളങ്ങൾ സന്തോഷവും പകർന്നിരുന്നു. ആറന്മുളയുടെ യശസ്സിനെ വാനോളമുയർത്തിയ ആറന്മുളകണ്ണാടി ഒരു വിഭാഗത്തിന്റെ ജീവിതമാർഗ്ഗമായിരുന്നു. നാഗരികത കടന്നുചെല്ലാതിരുന്ന ആറന്മുളയിലെ ജനങ്ങളുടെ തുണയ്ക്കായി പൗരാണിക ക്ഷേത്രങ്ങളും കാവുകളും നെഞ്ചോടു ചേർന്നുനിന്നു. ആറന്മുളയിലെ കർഷകരുടെ പാടങ്ങളിൽ പ്രകൃതിദത്തമായ ജലസേചനം നിർവ്വഹിച്ചിരുന്നത് പമ്പാ നദിയും കോഴിത്തോടും മറ്റ് അരുവികളുമായിരുന്നു. കുടിനീരിന്റെ സ്രോതസ്സും ഈ ജലാശയങ്ങളായിരുന്നു. ഈ പ്രകൃതി സൗന്ദര്യം കണക്കിലെടുത്ത് ആറന്മുളയെ കേന്ദ്രസർക്കാർ പൈതൃക ഗ്രാമമായി പ്രഖ്യാപിക്കുകയുണ്ടായി.

ആറന്മുളയുടെ ചരിത്രാതീതകാലം മുതലുള്ള ഈ പൈതൃകത്തിനു മുറിവേറ്റത് 1998-ൽ നാൽക്കാലിക്കൽ പാലം നിർമ്മാണം ആരംഭിച്ചതോടെയാണ്. പാലത്തിന് അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനായി മണ്ണിട്ട് നികത്തിയതിന്റെ ഫലമായി ജലത്തിന്റെ സ്വതന്ത്രമായ ഒഴുക്ക് തടസ്സപ്പെടുകയും വെള്ളംകെട്ടിനിന്ന് കൃഷി നശിക്കുകയുമുണ്ടായി. ഇതിനെതിരെ പ്രതിഷേധങ്ങളും സമരങ്ങളും അരങ്ങേറിയെങ്കിലും വേണ്ടത്ര ശ്രദ്ധയോ നടപടികളോ അധികൃതരുടെ ഭാഗത്തുനിന്നുണ്ടായില്ല. അങ്ങനെ പല പാടശേഖരങ്ങളിലും കർഷകർ കൃഷിയിറക്കാതായി. 2005-ൽ എബ്രഹാം കലമണ്ണിൽ എന്ന വ്യക്തി എഞ്ചിനീയറിംഗ് കോളേജ് (മൗണ്ട് സിയോൺ എഞ്ചിനീയറിംഗ് കോളേജ്) ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ തരിശുകിടന്ന പാടശേഖരങ്ങൾ വാങ്ങുകയും കോളേജിനുവേണ്ടി എയർ സ്ട്രിപ് നിർമ്മിക്കുവാൻ എന്നുപറഞ്ഞ് വയൽ മണ്ണിട്ടുനികത്തുവാൻ തുടങ്ങു കയും വഴിയിൽ മൗണ്ട് സിയോൺ എയർപോർട്ട് എന്ന ബോർഡ് സ്ഥാപിക്കുകയും ചെയ്തു. എബ്രഹാം കലമണ്ണിന്റെ നടപടിക്കെതിരെ പ്രക്ഷോഭങ്ങളും കേസുകളും കോടതിവിധികളും ഉണ്ടായെങ്കിലും അതു നടപ്പാക്കേണ്ട ഉദ്യോഗസ്ഥരുടെ തികഞ്ഞ അനാസ്ഥമൂലം മണ്ണിട്ടു നികത്തിയ പ്രദേശങ്ങൾ ആ നിലയിൽ തന്നെ തുടർന്നു. ഇതിനിടയിൽ കെ.ജി.എസ്. എന്ന തമിഴ്നാട് ആസ്ഥാനമായ കമ്പനി ഒരു സ്വകാര്യ അന്താരാഷ്ട്ര വിമാനത്താവളം ആറന്മുളയിൽ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ 2010-ൽ എബ്രഹാം കലമണ്ണിന്റെ കൈവശമുണ്ടായിരുന്ന സ്ഥലം മുഴുവനും വിലയ്ക്കുവാങ്ങിയത് സ്ഥിതിഗതികൾ കൂടുതൽ വഷളാകുവാൻ കാരണമായി.

ആറന്മുളയുടെ മണ്ണിലുണ്ടായ സംഭവവികാസങ്ങളുടെ രത്നച്ചുരുക്കം ഇതാണ്. വിമാനത്താവളം സൃഷ്ടിച്ചേക്കാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ സംബന്ധിച്ച് ആശങ്കപ്പെട്ട് വിവിധ സംഘടനകളുടെയും (പള്ളിയോട കരയോഗങ്ങൾ) വ്യക്തികളുടെയും പരാതികൾ സമിതിക്ക് ലഭിച്ചു. അത്യന്തം ആപൽക്കരമായ സ്ഥിതിവിശേഷമാണ് ആറന്മുളയിൽ നിലനിൽക്കുന്നത് എന്ന് പരാതികൾ പരിശോധിച്ചതിൽ സമിതിക്ക് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആറന്മുളയിലെ ആവാസ വ്യവസ്ഥയെ മാറ്റിമറിച്ചേക്കാവുന്ന ഈ ഉദ്യമത്തെ സംബന്ധിച്ച് സമഗ്രമായ ഒരു പഠനം നടത്തുന്നതിനും ആറന്മുളയുടെ രക്ഷയ്ക്കായി സമിതിയുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് കഴിയുന്ന വിധത്തിൽ സമഗ്രമായ ഒരു റിപ്പോർട്ട് തയ്യാറാക്കുവാനും സമിതി തീരുമാനിച്ചു.

വിഷയത്തിന്റെ ഗൗരവവും സങ്കീർണ്ണതയും ഉൾക്കൊണ്ടുകൊണ്ട് സർക്കാർ വകുപ്പുകൾ, സാമൂഹ്യ-സാംസ്കാരിക പ്രവർത്തകർ, സംഘടനാ പ്രതിനിധികൾ, പദ്ധതി നേരിട്ടുബാധിക്കുന്ന വ്യക്തികൾ, വിമാനത്താവള നിർമ്മാണത്തിന് സ്ഥലം വിലയ്ക്കുവാങ്ങിയ കെ.ജി.എസ്. ഗ്രൂപ്പ് എന്നിവരിൽ നിന്നും തെളിവെടുപ്പ് നടത്തുവാനും സ്ഥലം സന്ദർശിക്കുവാനും സമിതി തീരുമാനിച്ചു. അതിന്റെയടിസ്ഥാനത്തിൽ 21-2-2012, 28-3-2012, 4-4-2012, 11-4-2012, 10-5-2012 എന്നീ തീയതികളിൽ നിയമസഭാ കോംപ്ലക്സിലും 28-2-2012-ന് പത്തനംതിട്ട കളക്ടറേറ്റ് കോൺഫറൻസ് ഹാളിലും യോഗം ചേരുകയും അന്നേദിവസം ആറന്മുള അന്താരാഷ്ട്രാ വിമാനതാവളത്തിന് സ്ഥലമെടുപ്പ് നടത്തിയ സ്ഥലം സന്ദർശിക്കുകയുമുണ്ടായി.

**മലയാളത്തിന്റെ അഭിമാനമായ, ആറന്മുളയുടെ മണ്ണിൽ ജനിച്ചു വളർന്ന പ്രസിദ്ധ കവയിത്രി ശ്രീമതി സുഗതകുമാരി സമിതിക്ക് പരാതി നൽകുകയും നേരിട്ട് സമിതിയിൽ ഹാജരായി അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു.**

"ആറന്മുള എന്തായിരുന്നുവെന്നും ഇന്ന് എന്താണ് സ്ഥിതിയെന്നും നാളെ എന്താകുമെന്നുള്ള കാര്യങ്ങൾ ആറന്മുളക്കാരിയെന്ന നിലയിൽ അറിയാവുന്നതാണ്. അതുകൊണ്ടാണ് സമിതിക്ക് പരാതി സമർപ്പിച്ചത്. തന്റെ ചെറുപ്പകാലത്ത് മനസ്സിനെയും ശരീരത്തെയും കുളിർപ്പിക്കുന്ന ആയിരക്കണക്കിന് ഏക്കർ വയലുകൾ ആറന്മുളയിൽ ഉണ്ടായിരുന്നു. പമ്പയിൽ നിന്നും വെട്ടിയിറക്കിയ തോടുകൾ വഴി വയലുകളിൽ നിന്നും വള്ളത്തിൽ നെല്ലുകൊണ്ടുവന്നിരുന്നു. വളരെ ചിട്ടയായ ഒരു കാർഷിക സംസ്കാരം അവിടെ നിലനിന്നിരുന്നു. ഇതിന്റെയെല്ലാം നാശത്തിന് ഉത്തരവാദികൾ ആറന്മുളക്കാർ തന്നെയാണ്. ഈ സ്ഥിതിക്ക് ഒരു മാറ്റമുണ്ടാകണം. നാടിന്റെ മുഖച്ഛായ തന്നെ മാറ്റിമറിക്കുന്ന രീതിയിലുള്ള വികസനം അപകടകരമാണ്. മനുഷ്യന്റെ പ്രധാന ആവശ്യം അന്നമാണ്. പക്ഷെ ഇന്ന് കേരളത്തിൽ കൃഷിഭൂമി കുറഞ്ഞുവരുന്നു. ജലം മലിനമാക്കപ്പെട്ടുകൊണ്ടിരിക്കുന്നു. നദികളെല്ലാം ക്ഷയിച്ചുകൊണ്ടിരിക്കുന്നു. ഈ ദുരവസ്ഥ ഒഴിവാക്കുന്നതിനാണ് നെൽവയൽ നീർത്തട സംരക്ഷണ നിയമം പാസ്സാക്കിയിട്ടുള്ളത്. എന്നാൽ നിയമത്തിലെ പഴുതുകൾ ഉപയോഗിച്ച് നെൽവയലുകൾ നികത്തൽ ഇപ്പോഴും നടക്കുന്നുണ്ട്.

ഭ്രാന്തമായ വികസന സ്വപ്നങ്ങളാണ് കേരളീയർക്കുള്ളത്. വലിയ റോഡുകളും റിസോർട്ടുകളും വിമാനത്താവളങ്ങളും ഒക്കെയാണ് വികസനമെന്ന് കരുതുന്നവരാണ് മലയാളികൾ. 'Whenever you start a new scheme, think of the daridranarayanas of India' എന്ന ഗാന്ധിജിയുടെ വാക്കുകൾ ഈ സന്ദർഭത്തിൽ നാം ഓർക്കണം. ഈ വിമാനത്താവളംകൊണ്ട് ഇന്നാട്ടിലെ ദരിദ്രനാരായണന്മാർക്ക് എന്തു ഗുണമാണുള്ള തെന്ന കാര്യം കൂടി ചിന്തിക്കണം. പാവപ്പെട്ടവന്റെ കുടികിടപ്പാണ് പ്രധാനം. ഒരു ദേശത്തിന്റെ മുഖച്ഛായ പാടെ മാറ്റിമറിക്കുന്ന വികസനം നമുക്കാവശ്യമില്ല. അതു നാശത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. തരിശു കിടക്കുന്ന നെൽ വയലുകൾ ഏറ്റെടുത്ത് കൂട്ടുകൃഷിയിറക്കുന്നതിനുള്ള നടപടി കൃഷി വകുപ്പ് സ്വീകരിക്കണം. ആറന്മുളയിലെ ജനങ്ങൾ ഇതിനെ നിശ്ശബ്ദമായി നോക്കി നിന്നത് ശരിയായില്ല. എങ്കിലും ഇതിനെതിരേ പലരും കോടതിയെ സമീപിച്ചിരുന്നു. കേസിന്റെ വിധി ഇതുവരെ നടപ്പായിട്ടില്ല എന്നാണ് കേൾക്കുന്നത്. ഭൂമിക്കുവേണ്ടിയുള്ള വളരെ ശക്തവും ധാർമ്മികവുമായ നിലപാട് സമിതി സ്വീകരിക്കുമെന്ന് വിശ്വസിക്കുന്നു."

**ബയോഡൈവേഴ്സിറ്റി ബോർഡ് മുൻ ചെയർമാനും സലിം അലി ഫൗണ്ടേഷൻ ഡയറക്ടറുമായ ഡോ. വി. എസ്. വിജയൻ സമിതി യോഗത്തിൽ ഹാജരായി വിമാനത്താവളം നിർമ്മിക്കുമ്പോഴുണ്ടാകുന്ന പാരിസ്ഥിതിക ആഘാതങ്ങളെ കുറിച്ച് വിശദീകരിച്ചതിന്റെ വിശദാംശം താഴെപ്പറയും പ്രകാരമാണ് :**

"ആറന്മുള, മല്ലപ്പുഴശ്ശേരി, കിടങ്ങന്നൂർ എന്നീ വില്ലേജുകൾ ഉൾപ്പെടെയുള്ള 3500 ഏക്കർ സ്ഥലത്ത് പമ്പാ നദിയിൽ വെള്ളമുയരുമ്പോൾ വെള്ളം കയറി നിറയാറുണ്ട്. നദിയിൽ വെള്ളം താഴുമ്പോൾ ഈ വെള്ളം തിരികെ ഇറങ്ങിപ്പോകും. പമ്പാ നദിയിൽ കണ്ടുവരുന്ന 60-ഓളം മത്സ്യ ഇനങ്ങളിൽ 35 ഇനം വെള്ളം താഴേയ്ക്ക് ഇറങ്ങുമ്പോൾ മുകളിലേക്ക് മൈഗ്രേറ്റ് ചെയ്യുന്നവയാണ്. ഇവ ഇവിടെയുള്ള നെൽപ്പാടങ്ങളിലും തണ്ണീർത്തടങ്ങളിലും മുട്ടയിട്ട് കുഞ്ഞുങ്ങൾ വിരിയു മ്പോൾ വീണ്ടും പമ്പാനദിയിലേക്ക് പോകും. വിമാനത്താവളം വരികയാണെങ്കിൽ ഇവ പൂർണ്ണമായി നശിക്കും.

വയലുകളിൽ കഴിഞ്ഞ കുറെ വർഷങ്ങളായി കൃഷി ഇല്ലെങ്കിലും വയലുകളുടെ നിലനിൽപ്പ് വെള്ളപ്പൊക്കത്തെ ചെറുക്കുന്നതിനുതകുന്നു. കൂടാതെ നാട്ടിലെ കിണറു കളിലും കുളങ്ങളിലും വറ്റാതെ ജലം ലഭിക്കുന്നതിന് സഹായിക്കുന്നത് ഈ വയലുകളും തണ്ണീർത്തടങ്ങളുമാണ്.

വിമാനത്താവളത്തിനാവശ്യമായ 400 ഏക്കർ ഭൂമി മണ്ണിട്ടു നികത്തുമ്പോൾ 3500 ഏക്കർ ഭൂമിയിലേക്കുള്ള വെള്ളമൊഴുക്ക് തടസ്സപ്പെടും. ഫലത്തിൽ 3500 ഏക്കർ കൃഷിഭൂമി നശിക്കും. ഇത്രയും ഭൂമിയിൽ നിന്ന് ജനങ്ങൾക്ക് കിട്ടിക്കൊണ്ടി രിക്കുന്ന ഒരു വർഷത്തെ പരോക്ഷമായ ആനുകൂല്യ (Benefit) മായ 314 മുതൽ 419 കോടി രൂപ നഷ്ടമാകും. ഓക്സിജൻ പ്രൊഡക്ഷൻ, ഫ്ളഡ് കൺട്രോൾ, കാർബൺ ഫിക്സേഷൻ എന്നുതുടങ്ങി പരോക്ഷ ആനുകൂല്യങ്ങൾ (Indirect benefit) 14 എണ്ണമുണ്ട്.

ശാസ്ത്രീയമായ രീതിയിൽ 3500 ഏക്കർ ഭൂമിയിൽ നെൽകൃഷി ചെയ്യുക ആണെങ്കിൽ പ്രതിവർഷം 10.63 കോടിയുടെ നെല്ലുല്പാദിപ്പിക്കാനാകും. സംസ്ഥാനത്ത് 1975-ൽ 8 ലക്ഷം ഹെക്ടർ നെൽപ്പാടം ഉണ്ടായിരുന്നത് ഇപ്പോൾ കേവലം 2.44 ലക്ഷം ഹെക്ടറായി ചുരുങ്ങിയിരിക്കുന്നു. സംസ്ഥാനത്തെ ഒരു വർഷത്തെ ആവശ്യം 46 ലക്ഷം ടൺ അരിയാണെന്നിരിക്കെ ഉല്പാദിപ്പിക്കുന്നത് വെറും 6 ലക്ഷം ടൺ അരിയാണ്. ഈ സാഹചര്യത്തിൽ നെൽവയലുകൾ നികത്തുന്നത് ഒരു വിധത്തിലും അനുവദിക്കാൻ പാടില്ല.

നെൽകൃഷി 4 മാസംകൊണ്ടു കഴിയുമെന്നതിനാൽ ബാക്കിയുള്ള സമയത്ത് മത്സ്യകൃഷി ചെയ്യുകയാണെങ്കിൽ വർഷം പതിനൊന്നുകോടി രൂപയുടെ ആദായമുണ്ടാക്കാനാകും. മുൻപ് ആറന്മുളയിൽ നെൽകൃഷിക്കുശേഷം മത്സ്യകൃഷി ചെയ്തിരുന്നു.

വിമാനത്താവളത്തിനുള്ള സ്ഥലം ഇൻഡസ്ട്രിയൽ ഏര്യയായി പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ അവിടെ എയർപോർട്ടിനു പുറമേ ഷോപ്പിംഗ് മാൾ, സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, ഫ്ളാറ്റ് സമുച്ചയങ്ങൾ തുടങ്ങി അനേകം സ്ഥാപനങ്ങൾ ഉയരും. അപ്പോൾ ആ സ്ഥലത്തിന്റെ ഇക്കോളജിയും കൾച്ചറും മാറുമെന്നതിന് സംശയമില്ല.

കമ്പനിക്കുവേണ്ടി Environmental Impact Assessment Report തയ്യാറാക്കിയിരിക്കുന്നത് മധുരയിലെ ഒരു പ്രൈവറ്റ് കമ്പനിയാണ്. (Enviro Care) ഈ സ്ഥാപനം റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത് ആറന്മുള സന്ദർശിക്കാതെയാണെന്ന് റിപ്പോർട്ട് വായിച്ചാൽ മനസ്സിലാകും. അവർ റിപ്പോർട്ടിൽ ചേർത്തിരിക്കുന്ന 12 സ്പീഷീസ് പ്ലാന്റുകളിൽ ഒരെണ്ണമൊഴികെ ബാക്കിയൊന്നും ആറന്മുളയിൽ ഉള്ളവയല്ല. അവയെല്ലാം ഡ്രൈ ഏര്യയിൽ വളരുന്നവയും മധുരയിലും പരിസരങ്ങളിലും കാണുന്ന വയുമാണ്. പക്ഷികളുടെ കാര്യത്തിലും മത്സ്യങ്ങളുടെ കാര്യത്തിലും ഇൻസെക്ട്സിന്റെ കാര്യത്തിലും ഇതുതന്നെയാണ് അവസ്ഥ. യഥാർത്ഥത്തിൽ അവിടെ അഞ്ഞൂറോളം സസ്യങ്ങളുടെ സ്പീഷീസ് ഉണ്ട്. അവയിൽ അധികവും തണ്ണീർത്തടങ്ങളിൽ കാണുന്നവയാണ്. പക്ഷികളുടെ കാര്യത്തിൽ 103 സ്പീഷീസുകളുണ്ട്. ഇവയെല്ലാം പാടങ്ങളിലും തണ്ണീർത്തടങ്ങളിലും കാണുന്നവയാണ്. വിമാനത്താവളം വരുന്നതോടെ ഇവയുടെ വംശം നശിക്കും. അവർ കണ്ടെത്തിയ ജീവജാലങ്ങളുടെ പേരുകളൊന്നും റിപ്പോർട്ടിൽ ചേർത്തിട്ടില്ല. റിപ്പോർട്ടിൽ ഈ സ്ഥലം ഒരു തണ്ണീർത്തടമാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. അൺ ക്ലാസ്സിഫൈഡ് ലാന്റ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ റിപ്പോർട്ട് തയ്യാറാക്കിയവർ ആറന്മുള കണ്ടിട്ടേയില്ല എന്നതാണ് സത്യം. മധുരയിലെ ഏതോ ഓഫീസിലിരുന്ന് തയ്യാറാക്കിയ റിപ്പോർട്ടാണ് അതെന്ന് സ്പഷ്ടം.

400 ഏക്കർ വയൽ/തണ്ണീർത്തടം 3-4 അടി ഉയർത്തണമെങ്കിൽ ചുരുങ്ങിയത് 96 ലക്ഷം ടൺ മണ്ണെങ്കിലും ആവശ്യമാണ്. ഇത്രയും മണ്ണ് എവിടെ നിന്നു കൊണ്ടു വരാനാണ് ഉദ്ദേശിക്കുന്നതെന്ന് പ്രോജക്ടിൽ പറഞ്ഞിട്ടില്ല. ആറന്മുളയിലും പരിസരങ്ങളിലുമുള്ള കുന്നുകളായിരിക്കും ലക്ഷ്യം. ഇൻഡസ്ട്രിയൽ ഏര്യയായി പ്രഖ്യാപിച്ചിട്ടുള്ള 500 ഏക്കറിൽ അവിടെയവിടെയായി ചെറിയ സ്പോട്ടുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. അവ മണ്ണെടുക്കുന്നതിനുള്ള സ്ഥലങ്ങളാണ്. ഇങ്ങനെ യാതൊരു തത്വദീക്ഷയുമില്ലാതെ വ്യാപകമായി കുന്നിടിക്കുന്നത് പാരിസ്ഥിതികാഘാതങ്ങൾക്ക് വഴിവയ്ക്കും.”

**തെളിവെടുപ്പിന്റെ ഭാഗമായി സമിതി ആറന്മുള എം.എൽ.എ.യുടെ അഭിപ്രായം ആരാഞ്ഞതിൽ അദ്ദേഹത്തിന്റെ പദ്ധതിയോടുള്ള സമീപനം സംബന്ധിച്ച അഭിപ്രായത്തിന്റെ സംക്ഷിപ്തം താഴെപ്പറയും പ്രകാരമാണ്.**

"ആറന്മുളയിലെ പാടശേഖരങ്ങളിൽ കഴിഞ്ഞ 20 വർഷമായി കൃഷിയില്ല. അവിടെ പുല്ലുവളർന്ന് നിൽക്കുകയാണ്. എൻവയോൺമെന്റൽ ഹസാർഡ്സ് നേരിടുന്ന സ്പീഷീസൊന്നും അവിടെയില്ല. പരിസ്ഥിതിക്ക് ആഘാതമുണ്ടാക്കുന്ന പ്രവൃത്തികളാണ് അവിടെ ഇന്ന് നടക്കുന്നത് എന്ന് പറയുന്നവർ രണ്ടര കിലോമീറ്റർ ദൂരം മണ്ണിട്ട് നികത്തിയപ്പോൾ എതിർത്ത് ഒരു വാക്കുപോലും പറഞ്ഞില്ല. ഒരു പരിസ്ഥിതി പ്രവർത്തകനെയും അന്നവിടെ കണ്ടില്ല. മണ്ണ് മുഴുവൻ മാറ്റി കൃഷിക്ക് ഉപയുക്തമാക്കുക എന്നത് പ്രായോഗികമായ കാര്യമല്ല. അതിനാൽ പ്രോജക്ട് വരണമെന്നുള്ളതാണ് ജനപ്രതിനിധി എന്ന നിലയിലുള്ള അഭിപ്രായം. എന്നാൽ കോഴിത്തോടിന് ഒരു മാറ്റവും വരുത്താതെ അതിന്റെ സ്വാഭാവിക നീരൊഴുക്ക് അതേ നിലയിൽത്തന്നെ നിലനിർത്തിക്കൊണ്ടു വേണം വിമാനത്താവളം നിർമ്മിക്കുവാൻ. ചെന്നൈ എയർപോർട്ടിന്റെ റൺവേ അഡയാർ റിവറിന്റെ മുകളിലാണ്. ആ സ്ഥിതിക്ക് ഒരു ചെറിയ തോട് മാത്രമായ കോഴിത്തോടിനു മുകളിൽ റൺവേ നിർമ്മിക്കുക എന്നത് അപ്രായോഗികമായ കാര്യമാണെന്ന് തോന്നുന്നില്ല. വിമാനത്താവളം വരുന്നതുകൊണ്ട് ആറന്മുള ക്ഷേത്രത്തിനോ ക്ഷേത്രത്തിന്റെ കൊടിമരത്തിനോ കാവിനോ ഒരു ദോഷവും സംഭവിക്കില്ല. ശ്രദ്ധേയമായ ആവാസ വ്യവസ്ഥകളൊന്നും ഇല്ലാത്ത പ്രസ്തുത സ്ഥലത്ത് നിന്നും ഏഴോ എട്ടോ കുടുംബങ്ങളെ മാത്രമേ ഒഴിപ്പിക്കേണ്ടതായി വരികയുള്ളൂ. അവർ തങ്ങളുടെ വസ്തു കൈമാറാനുള്ള സമ്മത പത്രം നൽകിയിട്ടുള്ളതുമാണ്. അവിടെ എയർപോർട്ട് വരുന്നതിൽ കുറച്ച് സമരക്കാർ ഒഴികെ മറ്റെല്ലാവരും അനുകൂലമാണ്."

**സമിതി വിളിച്ചുചേർത്ത തെളിവെടുപ്പുയോഗത്തിൽ ഹാജരായ ആറന്മുളയിലെ ജനങ്ങളും പരാതിക്കാരുമായവർ വെളിപ്പെടുത്തിയ വിവരങ്ങൾ താഴെ പറയുന്നതാണ് :**

"കെ.ജി.എസ്. ഗ്രൂപ്പ് വിമാനത്താവളത്തിന് അനുമതിക്കായി അപേക്ഷ നൽകിയപ്പോൾ വിമാനത്താവളത്തിന് ഉപയോഗിക്കുന്ന സ്ഥലം വെറ്റ്ലാന്റ് (Wet land) എന്നതിനുപകരം ലാൻഡ് (land) എന്നുമാത്രമാണ് കാണിച്ചിരുന്നത്. വെറ്റ്ലാന്റ് നികത്തുമ്പോൾ ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ചും, നികത്തുമ്പോൾ കോഴിത്തോട് ഇല്ലാതാകുമ്പോൾ പ്രദേശത്തുണ്ടാകുന്ന പ്രശ്നങ്ങളെ സംബന്ധിച്ചും അതിനു സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന പരിഹാര മാർഗ്ഗങ്ങളെ സംബന്ധിച്ചും പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം കമ്പനി നിരാകരിച്ചു. അങ്ങനെ യഥാർത്ഥ സത്യങ്ങൾ മറച്ചുവച്ചാണ് കമ്പനി മിനിസ്ട്രി ഓഫ് എൻവയോൺമെന്റിന്റെ ക്ലിയറൻസ് നേടിയെടുത്തത്.

നിർദ്ദിഷ്ട അന്താരാഷ്ട്ര വിമാനത്താവള പ്രദേശത്തെ പുഞ്ചനെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രദേശം വ്യവസായ മേഖലയായി പ്രഖ്യാപിച്ചുകഴിഞ്ഞ സാഹചര്യത്തിൽ ദേശീയ കാർഷിക വികസന പദ്ധതിപ്രകാരം അനുവദിച്ച 26.25 ലക്ഷം രൂപ നഷ്ടമാകും. 2012-13 വർഷത്തെ സ്കീമിൽ ഉൾപ്പെടുത്തി മെതിയന്ത്രം, നടീൽ യന്ത്രം തുടങ്ങി ലക്ഷക്കണക്കിന് രൂപയുടെ യന്ത്രങ്ങളാണ് വാങ്ങിയിട്ടുള്ളത്.

നിർദ്ദിഷ്ട വിമാനത്താവളത്തിനുവേണ്ടി കണ്ടെത്തിയ സ്ഥലം മുഴുവൻ നെൽ വയലുകളാണ്. നിരവധി നീർച്ചാലുകളും തോടുകളും വയലുകളും പ്രസ്തുത പ്രദേശത്തുണ്ട്. പുറമ്പോക്ക് വസ്തുവും കോഴിത്തോടിന്റെ ഒരു ഭാഗവും നികത്തി കഴിഞ്ഞു. പമ്പാ നദിയിൽ ജലം ഉയരുമ്പോൾ കോഴിത്തോടുവഴി ജലം മുകളിലേക്കൊഴുകി പുഞ്ചപ്പാടങ്ങളിൽ പരക്കുന്നതിന്റെ ഫലമായി വെള്ളപ്പൊക്കം ഒഴിവാകുന്നു. കോഴിത്തോടിന്റെ ഒരു ഭാഗം നികത്തിയതിനാൽ ജലം മുകളിലേക്ക് ഒഴുകി പുഞ്ചപ്പാടങ്ങളിൽ എത്തുന്നില്ല. അതിനാൽ ആറന്മുള ഇപ്പോൾ വെള്ളപ്പൊക്ക ഭീഷണിയിലാണ്. വയൽ നികത്തുന്നതിനായി വ്യാപകമായി ഇപ്പോൾ കുന്നുകൾ ഇടിച്ചുകൊണ്ടിരിക്കുകയാണ്. ആറന്മുളയിലെ നാലഞ്ചു പഞ്ചായത്തുകളിലെ കുന്നുകൾ ഇടിച്ചെങ്കിൽ മാത്രമേ ഇത്രയും വയൽ 12 അടി ഉയർത്തുന്നതിനുള്ള മണ്ണ് കിട്ടുകയുള്ളൂ. ആറന്മുളയിൽ ഇപ്പോൾ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഒരിക്കലും വറ്റാത്ത കിണറുകൾ ഇപ്പോൾ വേനൽക്കാലമായാൽ വറ്റിവരണ്ടു തുടങ്ങിയിരിക്കുന്നു. ശുദ്ധജലക്ഷാമം കാരണം ടാങ്കർ ലോറികളിൽ ഇപ്പോൾ ജലം വിതരണം ചെയ്യേണ്ട അവസ്ഥയും ആറന്മുളയിൽ ഉണ്ടായിരിക്കുന്നു.

വിരിപ്പൂ കൃഷിയിൽ നൂറുമേനി വിളവു നൽകിയിരുന്ന ആറന്മുളയിലെ പാടശേഖരങ്ങൾ നാൽക്കാലിക്കൽ പാലത്തിന്റെ അപ്രോച്ച് റോഡിനായി മണ്ണിട്ടതിന്റെ ഫലമായി വെള്ളംകെട്ടിനിന്ന് കതിർമണികൾ വിളഞ്ഞുനിന്ന പുഞ്ച നശിച്ചു. പിന്നീട് പുഞ്ച കൃഷിയിറക്കാതായി. 2003-ൽ എബ്രഹാം കലമണ്ണിൽ തരിശുകിടന്ന പുഞ്ചപാടങ്ങൾ വിലയ്ക്കുവാങ്ങി മൗണ്ട് സിയോൺ എഞ്ചിനീയറിംഗ് കോളേജിന്റെ എയർസ്ട്രിപ്പ് നിർമ്മാണത്തിന് എന്ന വ്യാജേന നിലം നികത്തുകയും തുടർന്ന് കെ.ജി.എസ്. ഗ്രൂപ്പ് പ്രസ്തുത സ്ഥലം അന്താരാഷ്ട്ര വിമാനത്താവളം നിർമ്മിക്കാനായി വിലയ്ക്കുവാങ്ങി. വിമാനത്താവളം വരുമ്പോൾ ആറായിരം പേർക്ക് തൊഴിൽ ലഭിക്കുമെന്നാണ് കമ്പനിയുടെ അവകാശവാദം. എന്നാൽ ഇപ്പോൾ 12000-ൽ പരം കർഷകർ ഈ ഭൂമിയെ ആശ്രയിച്ച് ജീവിക്കുന്നവരായിട്ടുണ്ട്.

പമ്പാ നദിയുടെ വികസനത്തിനായി 377 കോടി രൂപ കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. എന്നാൽ പമ്പാ നദിയോട് ചേർന്നുള്ള നെൽവയലുകളും തോടുകളും നികത്തപ്പെടുമ്പോൾ പമ്പാ നദിയുടെ സംരക്ഷണം എങ്ങനെ സാദ്ധ്യമാകുമെന്നത് ആലോചിക്കേണ്ട വിഷയമാണ്.

നിലം നികത്തിയതിന്റെ ഫലമായി നെൽ കൃഷിക്കൊപ്പം കരിമ്പു കൃഷിയും താറാവു കൃഷിയും മത്സ്യ കൃഷിയും കാലിവളർത്തലും ആറന്മുളയിൽ നിന്നും അപ്രത്യക്ഷമായി. ഇവിടത്തെ അന്തരീക്ഷ ഊഷ്മാവും ക്രമാതീതമായി വർദ്ധിച്ചു വരുന്നു. പദ്ധതി നടപ്പാക്കുന്നതോടെ ആറന്മുളയിലെ ആറു പള്ളിയോട കരയോഗങ്ങളിൽ അഞ്ചെണ്ണവും നശിക്കും. വള്ളങ്ങളും നശിക്കും.

കെ.ജി.എസ്. ഗ്രൂപ്പിന്റെ പദ്ധതി റിപ്പോർട്ടിൽ പദ്ധതിപ്രദേശമായ 500 ഏക്കറിനുള്ളിൽ 7 വീടുകൾ മാത്രമാണുള്ളതെന്നാണ് കാണിച്ചിട്ടുള്ളത്. എന്നാൽ യഥാർത്ഥത്തിൽ ഈ പ്രദേശത്ത് 700-ൽ അധികം വീടുകൾ ഉണ്ട്. വ്യാവസായിക മേഖലയായി പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ വീട്ടുകാരെയെല്ലാം ഒഴിപ്പിക്കേണ്ടതായി വരും. ആറന്മുളയിലെ ജനങ്ങൾക്ക് കൃഷിയെ അടിസ്ഥാനപ്പെടുത്തിയ വികസനമാണ് ആവശ്യം. വ്യാവസായിക മേഖലയായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഉത്തരവ് പിൻവലിക്കുകയാണ് വേണ്ടത്.

ചരിത്രപ്രസിദ്ധമായ ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിന്റെ പ്രധാന ഭാഗമായ തെച്ചിക്കാവ് അടക്കമുള്ള കാവുകളും മറ്റുചില കുടുംബ കാവുകളും വിമാനത്താവളം വരുന്നതോടെ ഇല്ലാതാകും.

നിലം മണ്ണിട്ടു നികത്താൻ തുടങ്ങിയ ആദ്യകാലങ്ങളിൽ ജനങ്ങൾ നിശ്ശബ്ദമായി അതിനെ സ്വീകരിച്ചിരുന്നു എന്നൊരു ആക്ഷേപമുണ്ട്. എന്നാൽ അത് ശരിയായ അഭിപ്രായമല്ല. നിലം നികത്തുന്നതിനെതിരെ 2003 മുതൽ 2008 വരെ വില്ലേജ് ഓഫീസർ മുതൽ തഹസിൽദാർ വരെയുള്ളവരുടെ ഉത്തരവുകളും കോടതി ഉത്തരവുകളും ഉണ്ടായിട്ടുണ്ട്".

**വിമാനത്താവളം നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ വിവിധ ഘട്ടങ്ങളെ സംബന്ധിച്ച് വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുപ്പു നടത്തി. പരിസ്ഥിതി വകുപ്പു സെക്രട്ടറി നൽകിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

"എയർപോർട്ടിന്റെ ക്ലിയറൻസുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യുന്നത് സെൻട്രൽ ഗവൺമെന്റാണ്. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സ്റ്റേറ്റ് ഇംപാക്ട് അസ്സസ്മെന്റ് കമ്മിറ്റിയുടെ അംഗീകാരമില്ലാതെ തന്നെ സെൻട്രൽ ഗവൺമെന്റിന്റെ സമാനമായ കമ്മിറ്റിക്ക് എയർപോർട്ട് തുടങ്ങുന്നതിനുള്ള അനുമതി നൽകാവുന്നതാണ്. അപ്രകാരം അപേക്ഷ നൽകി കെ. ജി. എസ്. ഗ്രൂപ്പ് സെൻട്രൽ ഗവൺമെന്റിന്റെ അനുമതി നേടിയിട്ടുണ്ട്.

ഒരു പ്രോജക്ട് ആരംഭിക്കുന്നതിനായി കേന്ദ്ര സർക്കാരിന് അപേക്ഷ നൽകുമ്പോൾ അപേക്ഷകൻ തന്നെ ഒരു എക്സ്പ്പെർട്ട് അക്രഡിറ്റഡ് ഏജൻസിയെക്കൊണ്ട് എൻവയോൺമെന്റ് ഇംപാക്ട് അസ്സസ്മെന്റ് നടത്തേണ്ടതാണ്. പ്രസ്തുത റിപ്പോർട്ട് കേന്ദ്ര ടെക്നിക്കൽ എക്സ്പ്പെർട്ട് കമ്മിറ്റി പരിശോധിക്കുകയും തുടർന്ന് ഫൈനൽ കമ്മിറ്റിക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. ഫൈനൽ കമ്മിറ്റിയുടെ അനുമതി ലഭിച്ചു കഴിഞ്ഞാൽ പ്രോജക്ടിനുള്ള ഉത്തരവ് നൽകുന്നു. പരിശോധനയുടെ ഒരു ഘട്ടത്തിലും സംസ്ഥാന സർക്കാരിന്റെ അഭിപ്രായം തേടാറില്ല. അപ്രകാരമാണ് കെ.ജി.എസ്. ഗ്രൂപ്പിന്റെ വിമാനത്താവള നിർമ്മാണ പദ്ധതിയുടെ കാര്യത്തിൽ മധുര ആസ്ഥാനമായി പ്രവർത്തിക്കുന്ന 'എൻവൈറോ കെയർ (Enviro Care)' എന്ന സ്ഥാപനം തയ്യാറാക്കിയ പരിസ്ഥിതി പഠന റിപ്പോർട്ട് അടിസ്ഥാനമാക്കി കേന്ദ്ര സർക്കാരിന്റെ എൻവയോൺമെന്റൽ ക്ലിയറൻസ് ലഭിച്ചത്. എന്നാൽ പ്രസ്തുത റിപ്പോർട്ട് സംസ്ഥാന പരിസ്ഥിതി വകുപ്പിന് ലഭിച്ചിട്ടില്ല.

ഒരു പ്രൈവറ്റ് ഏജൻസി പരിസ്ഥിതി പഠന റിപ്പോർട്ട് തയ്യാറാക്കുന്നത് നടപടിക്രമത്തിന് എതിരല്ല. പഠന റിപ്പോർട്ട് സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡിന് ലഭിച്ചിരുന്നു. റിപ്പോർട്ട് കളക്ടറേറ്റ്, പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിൽ റഫറൻസിന് വച്ചതിനുശേഷമാണ് 10-5-2011-ന് പബ്ലിക് ഹിയറിംഗ് നടത്തിയത്. പബ്ലിക് ഹിയറിംഗിന് ഏകദേശം 25 പേർ പങ്കെടുക്കുകയും പങ്കെടുത്തവരുടെ അഭിപ്രായങ്ങൾ കണക്കിലെടുത്തുകൊണ്ടാണ് റിപ്പോർട്ട് കേന്ദ്ര മന്ത്രാലയത്തിന് അയച്ചുകൊടുത്തത് എന്നും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി അറിയിച്ചു.

**ഗതാഗത വകുപ്പ് സെക്രട്ടറി നൽകിയ വിവരങ്ങളുടെ ചുരുക്കം താഴെപ്പറയും പ്രകാരമാണ്.**

കേന്ദ്ര സർക്കാരിന്റെ നയമനുസരിച്ച് എയർപോർട്ടുകൾ തമ്മിലുള്ള അകലം നിശ്ചയിച്ചിരിക്കുന്നത് 150 കിലോമീറ്റർ എയർ ഡിസ്റ്റൻസ് ആണ്. പുതിയ എയർപോർട്ടിന് അംഗീകാരം കൊടുക്കുന്നതിന് മിനിസ്ട്രി ഓഫ് സിവിൽ ഏവിയേഷന് ഒരു സ്റ്റിയറിംഗ് കമ്മിറ്റിയുണ്ട്. വിമാനത്താവളം ആരംഭിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ ടെക്നിക്കൽ സമിതി പ്രീ-ഫീസിബിലിറ്റി പഠനം നടത്തുന്നു. പ്രസ്തുത പഠന റിപ്പോർട്ട് ഡിഫൻസ്, എൻവയോൺമെന്റ് തുടങ്ങിയ മന്ത്രാലയങ്ങളിലയച്ച് വിദഗ്ദ്ധാഭിപ്രായം ലഭിച്ചതിനുശേഷം മാത്രമാണ് അന്തിമമായി അനുമതി നൽകുന്നത്.

ആറന്മുളയിൽ വിമാനത്താവളം ആരംഭിക്കുന്നതു സംബന്ധിച്ച കെ.ജി.എസ്. ഗ്രൂപ്പിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ സ്ഥല പരിശോധന നടത്തുകയും അനുമതി നൽകുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരായുകയും ചെയ്തിരുന്നു.

എയർപോർട്ടിന്റെ നോഡൽ ഡിപ്പാർട്ട്മെന്റ് ഗതാഗത വകുപ്പാണെങ്കിലും കെ.ജി.എസ്. ഗ്രൂപ്പിന്റെ പ്രൊപ്പോസൽ വന്നത് കെ.എസ്.ഐ.ഡി.സി. മുഖേന ആയതിനാൽ വ്യാവസായിക പ്രവൃത്തിയുടെ ഭാഗമെന്ന കണക്കുകൂട്ടലിൽ വ്യവസായ വകുപ്പിനയച്ച് കൊടുത്തു. അങ്ങിനെയാണ് പ്രാഥമിക പ്രവൃത്തികൾ വ്യവസായ വകുപ്പ് നിർവ്വഹിച്ചത്.

വിമാനത്താവളം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന പ്രദേശത്തെ പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ നിലവിലുള്ള നിയമ വ്യവസ്ഥകൾക്കു വിധേയമായി മാത്രം സ്വന്തം നിലയിൽ ഭൂമി കണ്ടെത്തണമെന്ന വ്യവസ്ഥയിൽ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടു പോയിട്ടില്ല. അക്വയർ ചെയ്ത ഭൂമിയിൽ കൃഷി ഭൂമിയുണ്ടെങ്കിൽ മാറ്റിക്കൊടുക്കണ മെന്ന നിർദ്ദേശങ്ങൾ ഒന്നും ഇതുവരെ ഉണ്ടായിട്ടില്ലാത്ത സാഹചര്യത്തിൽ അക്വസിഷൻ നടപടി ആരംഭിച്ചിട്ടില്ല എന്നുവേണം മനസ്സിലാക്കാൻ. കൂടാതെ ഭൂമി കൺവെർട്ട് ചെയ്യുന്നതിനുള്ള അനുമതിയും കൊടുത്തിട്ടില്ല. നെൽവയലോ തണ്ണീർത്തടമോ ആണെങ്കിൽ നിലവിലുള്ള നിയമം അനുസരിച്ച് ഗവൺമെന്റിന് അപേക്ഷ നൽകുകയും വേണം. പൊതു ആവശ്യങ്ങൾക്കുവേണ്ടിയാണെങ്കിൽ മാത്രമേ സർക്കാർ അനുകൂല തീരുമാനമെടുക്കുകയുള്ളൂ എന്ന് അഡീഷണൽ സെക്രട്ടറി വെളിപ്പെടുത്തി.

കഴിഞ്ഞ സർക്കാരിന്റെ നാലാം വാർഷികത്തിന്റെ ഭാഗമായി ഈ പദ്ധതി ഫാസ്റ്റ് ട്രാക്കിൽ എടുക്കണമെന്ന് അംഗീകരിച്ച് ഉത്തരവിറക്കിയതിന്റെ അടിസ്ഥാനത്തിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് സംവിധാനം നിലവിൽ വന്നു. ഇതിൽ എല്ലാ വകുപ്പിന്റെയും തലവൻമാർ അംഗങ്ങളാണെന്നും അപേക്ഷകൾ പരിശോധിച്ചതിനുശേഷമേ നടപടി സ്വീകരിക്കുകയുള്ളൂവെന്നും വ്യവസായ വകുപ്പ് സെക്രട്ടറി അറിയിച്ചു.

കെ.ജി.എസ്. ഗ്രൂപ്പിന്റെ ഒറിജിനൽ പ്രൊപ്പോസലിൽ എയർപോർട്ട് മാത്രമല്ല ഉദ്ദേശിച്ചിട്ടുള്ളത്. അവിടെ ഒരു ടൗൺഷിപ്പ് തന്നെ പണിയുക എന്നതാണ് അവരുടെ ലക്ഷ്യം. അതുകൊണ്ടാണ് വ്യവസായ വകുപ്പ് ഇത് കൈകാര്യം ചെയ്തതും സ്ഥലം വ്യാവസായിക മേഖലയായി പ്രഖ്യാപിച്ചതും. എങ്കിലും വിമാനത്താവളത്തിന്റെ വിഷയം ഗതാഗത വകുപ്പാണ് കൈകാര്യം ചെയ്യേണ്ടിയിരുന്നത്. ഇത്തരം പിശകുകൾ ആവർത്തിക്കാതിരിക്കുവാൻ വ്യവസായ വകുപ്പിനെ അറിയിച്ചിട്ടുണ്ട് എന്ന് ഗതാഗത വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഇന്ത്യയിൽ 100% സ്വകാര്യ ഉടമസ്ഥതയിൽ വിമാനത്താവളങ്ങൾ നിലവിലില്ല എന്നും, ഇതായിരിക്കും ആദ്യത്തേതെന്നും ഗതാഗത വകുപ്പു സെക്രട്ടറി അറിയിച്ചു.

ഒരു പ്രദേശം വ്യാവസായിക മേഖലയായി പ്രഖ്യാപിക്കുമ്പോൾ ആ സ്ഥലത്തിന്റെ പൂർണ്ണമായ ഉടമസ്ഥാവകാശം ടി സ്ഥലത്ത് വ്യവസായം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ആളിന്റെ പേരിൽ ആകണമെന്നില്ല. ഉടമസ്ഥാവകാശം പിന്നീട് ആർജ്ജിച്ചാലും മതിയാകുന്നതാണ്. സ്മാർട്ട് സിറ്റിയ്ക്കായി വ്യാവസായിക മേഖലയായി പ്രഖ്യാപിച്ചിട്ടുള്ളത് അതിനുദാഹരണമാണെന്ന് സെക്രട്ടറി ഓർമ്മപ്പെടുത്തി.

സ്വകാര്യ ഉടമസ്ഥതയിലാണ് വിമാനത്താവളമെങ്കിലും കേന്ദ്ര ഗവൺമെന്റിന്റെ പോളിസി അനുസരിച്ച് അതൊരു ദേശീയ ആസ്തിയായി കണക്കാക്കി കേന്ദ്ര ഗവൺമെന്റ് ജനറൽ സെക്യൂരിറ്റി നൽകുന്നതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതാണ്. അതിനാൽ തീവ്രവാദംപോലുള്ള ദേശീയ പ്രശ്നങ്ങൾക്ക് ഇത് ഒരു എളുപ്പമാർഗ്ഗമാകുമെന്ന് കരുതേണ്ടതില്ല.

വിമാനത്താവളത്തിന് തത്വത്തിൽ അനുമതി നൽകുന്നതിനു മുൻപ് പരിസ്ഥിതി, തദ്ദേശസ്വയംഭരണം, ജലവിഭവം, കൃഷി തുടങ്ങിയ വകുപ്പുകളുടെ അഭിപ്രായം ആരായുന്നതിനായി വ്യവസായ വകുപ്പ് ചർച്ച നടത്തിയിരുന്നോ എന്നതു സംബന്ധിച്ചുള്ള രേഖകളൊന്നുമില്ല. എന്നാൽ ഫയൽ ഗതാഗത വകുപ്പിന് കൈമാറിയശേഷം വകുപ്പുതലത്തിൽ യോഗം വിളിക്കുകയും വിഷയം ചർച്ച ചെയ്യുകയും കമ്പനി ചില നിബന്ധനകൾ പാലിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ പ്രോജക്ട് തുടർന്ന് മുന്നോട്ട് കൊണ്ടുപോകുവാൻ അനുവദിക്കുകയുള്ളൂ എന്ന തീരുമാനം കൈക്കൊള്ളുകയും ചെയ്തു. കമ്പനി വാങ്ങിയിട്ടുള്ള സ്ഥലത്തെ വയൽ മണ്ണിട്ടു നികത്തൽ, പുറമ്പോക്ക് കയ്യേറ്റം എന്നിവ നടന്നിട്ടുണ്ടോ എന്ന് കേരള നെൽ വയൽ നീർത്തട സംരക്ഷണ നിയമത്തിന്റെയും ഭൂപരിഷ്കരണ നിയമത്തിന്റെയും വ്യവസ്ഥകൾ പ്രകാരം പരിശോധിക്കുന്നതും വിമാനത്താവളത്തിന്റെ റൺവേയുടെ അടിയിലൂടെ മൈനർ ഇറിഗേഷൻ ഡക്ട് സ്ഥാപിക്കുന്നതിന് ജലവിഭവ വകുപ്പിന്റെ അനുമതി നേടണമെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതായി ഗതാഗത വകുപ്പു സെക്രട്ടറി സമിതിയെ അറിയിച്ചു.

ആറന്മുളയിൽ 17.56 ഹെക്ടർ നെൽവയൽ നികത്തപ്പെട്ടിട്ടുണ്ട്. കൂടാതെ കോഴിത്തോടിന്റെ ഭാഗവും പുറമ്പോക്ക് ഭൂമിയും ഉൾപ്പെടെ 2.71 ഹെക്ടർ സ്ഥലം കൂടി മണ്ണിട്ട് നികത്തിയിട്ടുണ്ട്. ഈ സ്ഥലമെല്ലാം നികത്തിയത് 2003-04

കാലഘട്ടത്തിൽ എബ്രഹാം കലമൺ എന്ന വ്യക്തിയാണ്. നെൽവയൽ നികത്തിയതിന് അയാളുടെ പേരിൽ കേസ് നിലവിലുണ്ട്. നെൽവയൽ നീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം നിലം നികത്തൽ നടന്നിട്ടില്ല. വിമാന താവളത്തിനുള്ള ക്ലിയറൻസ് കിട്ടിയശേഷം ഇതു സംബന്ധിച്ച് കളക്ടറേറ്റിൽ വച്ച് പൊതുജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു യോഗം ചേർന്നിരുന്നു. യോഗത്തിൽ ജനങ്ങൾ പ്രകടിപ്പിച്ച അഭിപ്രായങ്ങൾ പരിഗണിച്ച് വിമാനത്താവളം നിർമ്മിക്കുന്ന കമ്പനിയുടെ കൈവശമുള്ള ഭൂമി ഒഴിച്ചുള്ള സ്ഥലം ഡി-നോട്ടിഫൈ ചെയ്യുവാൻ തീരുമാനിക്കുകയും ഡി-നോട്ടിഫൈ ചെയ്യേണ്ടതായ സർവ്വേ നമ്പരുകൾ വ്യവസായ വകുപ്പിന് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട് എന്ന് പത്തനംതിട്ട ജില്ലാ കളക്ടർ സമിതിയെ അറിയിച്ചു".

വിഷയം ശരിയായ രീതിയിൽ പഠിക്കുക എന്ന ലക്ഷ്യമായിരുന്നു സമിതിയുടേത്. അതിനാൽ വിമാനത്താവളം നിർമ്മിക്കുന്ന കമ്പനിയായ കെ.ജി.എസ്. ഗ്രൂപ്പിന്റെ പ്രതിനിധികളെ സമിതി യോഗത്തിൽ ക്ഷണിക്കുകയും അവരുടെ അഭിപ്രായങ്ങൾ കേൾക്കുകയുമുണ്ടായി.

**സമിതി മുമ്പാകെ കെ.ജി.എസ്. ഗ്രൂപ്പ് പ്രതിനിധി നൽകിയ വിശദീകരണത്തിലെ സാരാംശം താഴെപ്പറയും പ്രകാരമാണ്.**

"കേന്ദ്ര ഗവൺമെന്റിന്റെ നാഷണൽ ഏവിയേഷൻ പോളിസി പ്രകാരം രാജ്യത്തെ എല്ലാ ജില്ലകളിലും വിമാനത്താവളങ്ങൾ ഉണ്ടാകണമെന്നുള്ളതാണ്. ഇവിടെ ദൂരപരിധി ഒരു പ്രശ്നമല്ല. അതിന്റെ അടിസ്ഥാനത്തിലാണ് കെ.ജി.എസ്. ഗ്രൂപ്പിന് പത്തനംതിട്ടയിലെ ആറന്മുളയിൽ ഗ്രീൻഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിച്ചത്.

എയർപോർട്ടിനായി 1500-2000 കോടി മുതൽമുടക്കാനാണ് കമ്പനി ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തിന് ലഭിക്കുന്ന വളരെ വലിയ ഒരു Investment ആയതിനാൽ സംസ്ഥാന സർക്കാർ പ്രോജക്ടിനെ അനുകൂലിച്ചു.

എയർപോർട്ടിനാവശ്യമായ സ്ഥലമെല്ലാം കമ്പനി വാങ്ങിക്കഴിഞ്ഞു. വസ്തുവിന്റെ പ്രമാണവും രജിസ്ട്രേഷനും എല്ലാം കഴിഞ്ഞു. മാർക്കറ്റ് വിലയെക്കാൾ കൂടുതൽ കൊടുത്താണ് സ്ഥലം വാങ്ങിയിട്ടുള്ളത്.

വിമാനത്താവളം നിർമ്മിക്കുന്നതിന് എയർപോർട്ട് അതോറിറ്റിയുടെ സൈറ്റ് ക്ലിയറൻസ്, സംസ്ഥാന സർക്കാരിന്റെ എൻ.ഒ.സി. (8-9-2010), ഡിഫൻസ് ക്ലിയറൻസ്, മിനിസ്ട്രി ഓഫ് സിവിൽ ഏവിയേഷന്റെ ക്ലിയറൻസ്, എൻവയോൺമെന്റൽ ക്ലിയറൻസ് എന്നിവ ലഭിച്ചിട്ടുണ്ട്. അങ്ങനെ ഒരു വിമാനത്താവളം ആരംഭിക്കുന്നതിനുള്ള എല്ലാ ക്ലിയറൻസും കെ.ജി.എസ്. ഗ്രൂപ്പിന് ലഭിച്ചിട്ടുണ്ട്.

വിമാനത്താവളത്തിന് ഉദ്ദേശിക്കുന്ന സ്ഥലം സംസ്ഥാന വ്യവസായ വകുപ്പ് ഇൻഡസ്ട്രിയൽ ഏര്യയായി പ്രഖ്യാപിച്ചിട്ടുണ്ട്.

ആറന്മുള വിമാനത്താവളം ഡിഫൻസിനും റെസ്ക്യൂ ഓപ്പറേഷൻ ഉൾപ്പെടെയുള്ള അടിയന്തിര ആവശ്യങ്ങൾക്ക് സൗജന്യമായി അനുവദിക്കുന്നതാണെന്ന് വിമാനത്താവളത്തിന്റെ പ്രൊപ്പോസലിൽ ഒരു വ്യവസ്ഥയായി ചേർത്തിട്ടുണ്ട്.

വിമാനത്താവളത്തിന് Environmental Clearance ലഭിക്കുന്നതിനായി സംസ്ഥാന Pollution Control Board-ന്റെ ശുപാർശയും കമ്പനിക്ക് ലഭിച്ചിരുന്നു.

ആറന്മുളയിലെ പരിസ്ഥിതിയ്ക്കോ ജനങ്ങൾക്കോ ഒരു ആഘാതവും സൃഷ്ടിക്കാത്ത രീതിയിലാണ് എയർപോർട്ട് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. റൺവേയും ഏപ്രണും മാത്രമേ മണ്ണിട്ട് നികത്തുന്നുള്ളൂ. കോഴിത്തോടിനു മുകളിലായിരിക്കും റൺവേ നിർമ്മിക്കുക. International Operation-നു വേണ്ടി റൺവേയുടെ നീളം 3.1 കിലോമീറ്ററായിരിക്കും. വിമാനത്താവളം വരുന്നതുകൊണ്ട് ആറന്മുളയിലെ ക്ഷേത്രങ്ങൾക്കൊന്നും ഒരു ദോഷവും സംഭവിക്കില്ല".

സംസ്ഥാനത്ത് വിമാനത്താവളങ്ങളോ മറ്റേതെങ്കിലും വ്യവസായ സ്ഥാപനങ്ങളോ വരുന്നതോ വരാതിരിക്കുന്നതോ സമിതിക്ക് വിഷയമല്ല. അതിന്റെ പേരിലുണ്ടായേക്കാവുന്ന പാരിസ്ഥിതിക ആഘാതങ്ങളും അതുമൂലം പ്രദേശവാസികൾക്കുണ്ടായേക്കാവുന്ന കഷ്ടനഷ്ടങ്ങളുമാണ് സമിതി ഗൗരവമായെടുക്കുന്നത്.

പത്തനംതിട്ട ജില്ലയിലെ ആറന്മുള എന്ന ഗ്രാമത്തിൽ വിമാനത്താവളം വരുന്നതുകൊണ്ട് അവിടെയുണ്ടായേക്കാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങളാണ് സമിതി അന്വേഷിക്കുന്നത്.

(1) ആറന്മുള പുരാതനമായ ക്ഷേത്രങ്ങളുടെയും കാവുകളുടെയും കലകളുടെയും നാടാണ്. ധാരാളം കലാ-സാംസ്കാരിക നായകർക്ക് ജന്മം നൽകിയ നാടാണ്. അതുകൊണ്ടുതന്നെ ഈ ഗ്രാമത്തെ കേന്ദ്രസർക്കാർ പൈതൃക ഗ്രാമമായി പ്രഖ്യാപിക്കുകയും പ്രകൃതിദത്തമായ ഗ്രാമീണ ഭംഗിയും അമൂല്യങ്ങളായ സ്മാരകങ്ങളും സംരക്ഷിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കുകയും അതിനായി ഫണ്ട് അനുവദിക്കുകയും ചെയ്തിരിക്കുന്നു.

(2) ആറന്മുളയിലെ ആവാസ വ്യവസ്ഥയെ നിലനിർത്തിപ്പോരുന്നത് പമ്പാനദിയും അതിനോട് ചേർന്നുള്ള കോഴിത്തോട് ഉൾപ്പെടെയുള്ള തോടുകളും അരുവികളും പുഞ്ചപ്പാടങ്ങളുമാണ്.

(3) വർഷകാലത്ത് പമ്പാനദിയിൽ ജലം ഉയരുമ്പോൾ അത് തോടുകൾ വഴി സമീപത്തുള്ള പുഞ്ചപ്പാടങ്ങളിലും നീർത്തടങ്ങളിലും വ്യാപിക്കുന്നതിനാൽ വെള്ളപ്പൊക്കം ഒഴിവാകുന്നു. നദിയിലെ ജലവിതാനം താഴുമ്പോൾ ജലം തിരികെ ഇറങ്ങുന്നു. ഈ സമയം പുഞ്ചയിൽ ധാരാളം ജലം സംഭരിക്കപ്പെടുന്നു. ഈ ജലം ഭൂമിയിലേക്കരിച്ചിറങ്ങി പ്രദേശത്തെ കിണറുകളിലും കുളങ്ങളിലും ധാരാളം ജലം പ്രദാനം ചെയ്യുന്നു. വേനൽക്കാലത്തും ഇവ വറ്റിവരളാതെ കാത്തുസൂക്ഷിക്കുന്നു.

(4) പുഞ്ചപ്പാടങ്ങളിലും നീർത്തടങ്ങളിലും കാണപ്പെടുന്ന മത്സ്യങ്ങൾ, പക്ഷികൾ, മറ്റുജന്തുക്കൾ, സസ്യജാലങ്ങൾ എന്നിവ അവിടത്തെ ആവാസ വ്യവസ്ഥയ്ക്ക് വ്യതിയാനം സംഭവിക്കാതെ കാത്തുസൂക്ഷിക്കുന്നു.

ആറന്മുളയിൽ വിമാനത്താവളം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് കോഴിത്തോടും പുഞ്ചപ്പാടങ്ങളും നീർത്തടങ്ങളും നികത്തിക്കൊണ്ടാണ്. അങ്ങനെ ചെയ്യുകയാണെങ്കിൽ അത് അവിടത്തെ ആവാസ വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുമെന്ന് മാത്രമല്ല അതിനെ പൂർണ്ണമായും തകർക്കും എന്നാണ് സമിതി വിലയിരുത്തുന്നത്.

ഒരു സ്വകാര്യ വ്യക്തി എഞ്ചിനീയറിംഗ് കോളേജിന് എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിനെന്ന പ്രചരണം നടത്തി പാടം നികത്തി. ഇതിനെതിരെ കോടതിയിൽ കേസുകൾ ഉണ്ടായതിന്റെ ഫലമായി നിലം നികത്തൽ നിറുത്തിവച്ചെങ്കിലും തുടർന്ന് അനധികൃതമായി ഏക്കർ കണക്കിന് നെൽപ്പാടങ്ങളും നീർത്തടങ്ങളും കോഴിത്തോടിന്റെ ഒരു ഭാഗവും കുന്നിടിച്ച മണ്ണുപയോഗിച്ച് നികത്തുകയായിരുന്നു.

എബ്രഹാം കലമണിനെതിരെ കേസ് നിലനിൽക്കെ പദ്ധതിയുമായി മുന്നോട്ട് പോകാൻ കഴിയാതെ വന്ന സാഹചര്യത്തിൽ 2009-ൽ ചെന്നൈ ആസ്ഥാനമായ കെ.ജി.എസ്. ഗ്രൂപ്പ് എന്ന കമ്പനി സ്ഥലം വിലയ്ക്കുവാങ്ങുകയും ആറന്മുള ഗ്രീൻഫീൽഡ് എയർപോർട്ട് എന്ന പേരിൽ വിമാനത്താവളം നിർമ്മിക്കുന്ന നടപടി ആരംഭിക്കുകയും ചെയ്തു.

കെ.ജി.എസ്. ഗ്രൂപ്പിന് വിമാനത്താവളം നിർമ്മിക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകി. നിർദ്ദിഷ്ട സ്ഥലം വ്യാവസായിക മേഖലയായി പ്രഖ്യാപിച്ചു. ക്ലിയറൻസ് നൽകുന്നതിനായി സിംഗിൾ വിൻഡോ ക്ലിയറൻസ് സിസ്റ്റം നടപ്പാക്കി ഉത്തരവായി.

വിമാനത്താവള നിർമ്മാണത്തിന് ഉദ്ദേശിക്കുന്ന സ്ഥലം മുഴുവൻ കൃഷിസ്ഥലമാണ്. സ്ഥലം തർക്ക ഭൂമിയായതുകൊണ്ട് പോക്കുവരവ് ചെയ്ത് കൊടുത്തിട്ടില്ല. മാത്രമല്ല ഈ ഭൂമിയുടെ പേരിൽ കോടതിയിൽ ഇപ്പോഴും കേസ് നിലവിലുണ്ടെന്നതാണ് ഔദ്യോഗിക റിപ്പോർട്ട്. ഇതെല്ലാം മറികടന്നാണ് വ്യവസായ മേഖലയായി പ്രഖ്യാപിച്ചത്. സാധാരണ ജനങ്ങൾ വീടു നിർമ്മിക്കുന്നതിനായി അപേക്ഷിച്ചാൽ വർഷങ്ങൾ കാത്തിരിക്കേണ്ട സാഹചര്യമാണ് കേരളത്തിനുള്ളത്. ഈ സ്ഥാനത്താണ് ഇത്രവേഗം വിമാനത്താവളത്തിന് അനുമതി ലഭിച്ചത്. ഇക്കാര്യത്തിൽ അസാധാരണമായ ധൃതി കാണിച്ചിട്ടുള്ളതായി സമിതി കാണുന്നു. നെൽവയൽ നീർത്തട സംരക്ഷണ നിയമമനുസരിച്ച് കൃഷിവകുപ്പിൽ നിന്നും അനുമതി വാങ്ങിയിട്ടില്ല. പൈതൃക ഗ്രാമമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഒരു സ്ഥലത്തെ ജനങ്ങൾ എതിരായിരിക്കുമ്പോൾ വയൽ നികത്തി എയർപോർട്ട് നിർമ്മിക്കുവാൻ അനുമതി കൊടുത്തിരിക്കുന്നു. ജലദൗർലഭ്യം നേരിടുന്ന സംസ്ഥാനത്ത് നെൽവയൽ നീർത്തട സംരക്ഷണ നിയമങ്ങൾ കാറ്റിൽ പറത്തി പരിസ്ഥിതിപഠനമൊന്നും നടത്താതെ വളരെ ലാഘവത്തോടെയാണ് തീരുമാനങ്ങൾ എടുത്തിരിക്കുന്നത്.

നിലം നികത്തൽ ആരംഭിച്ച കാലത്ത് ഇതിനെതിരെ ജനകീയ പ്രക്ഷോഭങ്ങൾ ഒന്നും ഉണ്ടായിട്ടില്ലെങ്കിലും നികത്തലിനെതിരേ കോടതിയിൽ കേസ് ഉണ്ടാവുകയും നികത്തിയ നിലം പൂർവ്വസ്ഥിതിയിലാക്കണമെന്ന അനുകൂല വിധി ഉണ്ടാവുകയും ചെയ്തു. കേവലം പത്ത് ഏക്കറോളം മാത്രമേ അന്ന് നികത്തിയിട്ട്

ഉണ്ടായിരുന്നുള്ളൂ. എന്നാൽ കോടതിവിധി നടപ്പാക്കുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അനാസ്ഥ കാട്ടിയതിന്റെ ഫലമായി വിധി നിലനില്ക്കെതന്നെ ഉദ്യോഗസ്ഥരുടെ മൗനാനുവാദത്തോടെ നിലം നികത്തൽ തകൃതിയായി നടന്നു.

ആറന്മുളയുടെ നന്മയെയും പരിസ്ഥിതിയെയും പരിപാലിച്ച് നിലനിർത്തി പോരുന്ന പുഞ്ചപ്പാടങ്ങളും പമ്പാനദിയും പമ്പയിൽ നിന്നും പുഞ്ചപ്പാടങ്ങൾക്ക് ജലം പ്രദാനം ചെയ്യുന്ന കോഴിത്തോടും ചുറ്റുപാടുമുള്ള വൃക്ഷലതാദികൾ കൊണ്ടു നിറഞ്ഞ കുന്നുകളും പാർത്ഥസാരഥി ക്ഷേത്രവും കാവുകളും സംരക്ഷിക്കേണ്ട ചുമതല ആറന്മുളയിലെ ജനങ്ങളുടെ ബാധ്യതയാണ്. കൃഷി ചെയ്യാതെ നിലം തരിശ്ശായിടുമ്പോഴാണ് അവിടെ എന്തുകൊണ്ട് മറ്റെന്തെങ്കിലും ചെയ്തുകൂടാ എന്നുള്ള ചിന്ത ഉദിക്കുന്നത്. അതുകൊണ്ട് കുറച്ച് സാഹസപ്പെട്ടെങ്കിലും കൃഷി തുടരുന്ന തിനുള്ള ഉത്തരവാദിത്വം ആറന്മുളയിലെ ജനങ്ങൾ ഏറ്റെടുത്തെങ്കിൽ മാത്രമേ പഴയ സ്വാഭാവികതയും നന്മയും തിരികെ കൊണ്ടുവരാൻ കഴിയുകയുള്ളൂ.

ജലം ഭൂമിയിൽ നിലനിർത്തിപ്പോരുന്ന പ്രക്രിയയാണ് വയലുകളും നീർത്തട ങ്ങളും ചെയ്യുന്നത്. ഇവ നികത്തുന്നതോടെ സമീപപ്രദേശങ്ങളിൽ ജല ക്ഷാമമുണ്ടാകും. കരയിലെ കൃഷിയും നശിയ്ക്കും. ജലാശയങ്ങളും കിണറുകളും വറ്റി വരളും. ആറന്മുളയിലെ നിലങ്ങൾ നികത്തുന്നതിന്റെ ഫലമായി മൂന്ന് വില്ലേജുകൾ ഉൾപ്പെടുന്ന 3500-ഓളം ഏക്കർ സ്ഥലം നശിക്കും. വയൽ നികത്തുന്ന തിനായി കുന്നുകൾ ഇടിയ്ക്കുന്നതും സ്വാഭാവിക ഉറവകൾ നശിക്കുന്നതിന് കാരണമാകും.

ഏക്കർകണക്കിന് നിലം മണ്ണിട്ടുനികത്തുവാൻ തുടങ്ങിയകാലത്തും പരിസ്ഥിതി സമിതി നിലവിലുണ്ടായിരുന്നു. എന്നാൽ നാളിതുവരെ ഇതു സംബന്ധിച്ച പരാതികളൊന്നും സമിതിക്ക് ലഭിച്ചില്ല. യഥാസമയം നാട്ടുകാർ ഇടപെ ടുകയും സമിതിക്ക് പരാതി നൽകുകയും ചെയ്തിരുന്നെങ്കിൽ ഇന്ന് ഈ ദുഃസ്ഥിതി ഉണ്ടാകുമായിരുന്നില്ല.

കോഴിത്തോട് സംരക്ഷിക്കുന്ന കാര്യത്തിൽ റവന്യൂ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും (പഞ്ചായത്ത്) തമ്മിൽ തർക്കമുള്ളതായി സമിതി മനസ്സിലാക്കുന്നു. കോഴിത്തോട് മണ്ണിട്ട് മൂടിയവർക്കെതിരായി എന്തെങ്കിലും തരത്തിലുള്ള നിയമ നടപടികൾ ഈ രണ്ടു വകുപ്പുകളും സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. ഗുരുതരമായ അനാസ്ഥയാണ് രണ്ടു വകുപ്പുകളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്.

പത്തനംതിട്ട ജില്ലാകളക്ടറേറ്റിലെ യോഗത്തിനുശേഷം സമിതി വിവാദ സ്ഥലം സന്ദർശിക്കുന്നതിനായി പുറപ്പെട്ടു. നിലം നികത്തിയ സ്ഥലത്ത് ഒരു വൻജനാവലി പ്രതിഷേധം അറിയിക്കുവാൻ സമിതിയുടെ ആഗമനവും കാത്ത് നിലയുറപ്പിച്ചിരുന്നു. നിലം നികത്തിയതിലുള്ള പ്രതിഷേധവും രോഷവും അവരുടെ വാക്കുകളിൽ പ്രകടമായിരുന്നു. ഒരു കുന്നിന്റെ സിംഹഭാഗവും ഇടിച്ചു നീക്കിയിരിക്കുന്നു. കോഴിത്തോട് മണ്ണിട്ട് നികത്തി ജലത്തിന്റെ ഒഴുക്ക് നിലച്ചിരിക്കുന്നു. വിസ്തൃതമായ നെൽവയലുകൾ മണ്ണിട്ട് മൂടിയിരിക്കുന്നു. മണ്ണിട്ടുനികത്തിയ സ്ഥലം ഏകദേശം 250 ഏക്കർ വരുമെന്ന് സ്ഥലവാസികൾ പറഞ്ഞു. ആറന്മുളയിൽ ഇപ്പോൾ കുടിവെള്ള ക്ഷാമം അനുഭവപ്പെട്ട് തുടങ്ങിയതായി ജനങ്ങൾ പരാതിപ്പെട്ടു. കഴിഞ്ഞ വേനൽ കാലത്ത് ആറന്മുളയിലും പരിസരപ്രദേശങ്ങളിലും ടാങ്കർ ലോറിയിൽ കുടിവെള്ളം വിതരണം ചെയ്തതായി നാട്ടുകാർ പറഞ്ഞു.

ഒരു കിലോമീറ്റർ നീളമുള്ളതും 20 മീറ്റർ വീതിയുമുള്ള ഒരു റവന്യൂ വകതോട് പൂർണ്ണമായും മണ്ണിട്ട് നികത്തിയിരിക്കുന്നത് കാണുകയുണ്ടായി. തുടർന്ന് സമിതി നാൽക്കാലിക്കൽ പുതിയപാലം സന്ദർശിച്ചു. പാലം നിർമ്മാണത്തിനായി മണ്ണിട്ടത് നീക്കം ചെയ്യാത്തതിനാൽ വെള്ളം കെട്ടിനിന്ന് പുഞ്ചപ്പാടങ്ങൾ നശിക്കാനുണ്ടായ സാഹചര്യം സമിതി നേരിൽ കാണുകയുണ്ടായി. പള്ളിമുക്കത്ത് ദേവീക്ഷേത്രത്തിന് സമീപം വയലുകളിൽ വെള്ളംകെട്ടി നിന്ന് കൃഷി ചെയ്യാനാവാത്ത അവസ്ഥയും സമിതി നേരിൽക്കണ്ടു. ക്ഷേത്രത്തിന് ചുറ്റുമുള്ള പ്രദേശങ്ങളെല്ലാം വ്യാവസായിക മേഖലയായി പ്രഖ്യാപിച്ചതിൽ പെടുന്നതാണെന്ന് ജനങ്ങൾ ബോധിപ്പിച്ചു.

ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങളും ശുപാർശകളും സർക്കാരിന്റെ നടപടിക്കായി സമിതി നൽകുന്നു :

<u>ശുപാർശകൾ/നിർദ്ദേശങ്ങൾ</u>

(1) പരിസ്ഥിതിക്ക് ആഘാതം സൃഷ്ടിക്കാതെയും ജലസ്രോതസ്സുകൾക്കും ജലവാഹികളായ അരുവികൾക്കും തോടുകൾക്കും നാശം വരുത്താതെയും നടപ്പാക്കുന്ന പദ്ധതികൾക്ക് സമിതി എതിരല്ല. വിമാനത്താവള പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകുന്നതിന് മുമ്പ് പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ള പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരവും, പാരിസ്ഥിതികവുമായ വിഷയങ്ങളെക്കുറിച്ച് പഠനം നടത്തേണ്ടതായിരുന്നു. വിമാനത്താവള പദ്ധതിക്ക് വ്യവസായ വകുപ്പ് തത്വത്തിൽ അംഗീകാരം നൽകുന്നതിന് മുമ്പ് പ്രസ്തുത പഠനങ്ങൾ നടത്തുകയോ ബന്ധപ്പെട്ട മറ്റു വകുപ്പുകളുമായി ചർച്ച നടത്തുകയോ ചെയ്തിട്ടില്ലെന്നും മനസ്സിലാക്കുന്നു. ആകയാൽ അത്തരം പഠനങ്ങൾ നടത്താതെ പദ്ധതികൾ ആരംഭിക്കുന്നത് ശരിയല്ലെന്നും ഭാവിയിൽ ഇത്തരം പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നൽകുന്നതിനുമുൻപ് ബന്ധപ്പെട്ട എല്ലാ വകുപ്പുകളുമായും ചർച്ചചെയ്ത് തീരുമാനമെടുക്കണമെന്നും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഭൂമിശാസ്ത്രപരവും പാരിസ്ഥിതികവുമായ കാര്യങ്ങളെക്കുറിച്ച് പഠനം നടത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(2) നൂറ്റാണ്ടുകളായി കൃഷി ചെയ്യുന്ന ഏക്കർകണക്കിന് നെൽവയലുകളും കുടിവെള്ള സ്രോതസ്സുകളും നശിപ്പിച്ചുകൊണ്ടും ആവാസവ്യവസ്ഥയെ തകർത്തുകൊണ്ടുമുള്ള വികസന പ്രവർത്തനങ്ങളോട് സമിതിക്ക് തീരെ യോജിക്കാനാവില്ല. ആയതിനാൽ പരിസ്ഥിതിക്കുണ്ടാകുന്ന ആഘാതം നേരിട്ടനുഭവിക്കുന്ന പ്രദേശത്തെ ജനങ്ങളുടെ അഭിപ്രായം കൂടി പരിഗണിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(3) വിമാനത്താവള പദ്ധതി ലക്ഷ്യമിട്ട് കെ.ജി.എസ്. ഗ്രൂപ്പ് വാങ്ങിയ 350 ഏക്കർ ഭൂമിയിൽ സർക്കാർ തോട് ഉൾപ്പെടെ വലിയൊരളവ് റവന്യൂ പുറമ്പോക്ക് ഭൂമി ഉള്ളതായി സമിതി മനസ്സിലാക്കുന്നു. റവന്യൂ പുറമ്പോക്ക് ഭൂമി സ്വകാര്യ വ്യക്തികൾക്ക് കൈമാറാൻ അധികാരമില്ലെന്നിരിക്കെ കെ.ജി.എസ്. ഗ്രൂപ്പ് വാങ്ങിയ ഭൂമിയിൽ ഉൾപ്പെട്ടിട്ടുള്ള

സർക്കാർ തോടും റവന്യൂ പുറമ്പോക്ക് ഭൂമിയും മണ്ണിട്ടുനികത്തിയവർക്കെതിരെ എന്തുകൊണ്ട് നടപടിയെടുത്തില്ല. ഈ വിഷയം സംബന്ധിച്ച് അന്വേഷണം നടത്തണമെന്നും നടപടിയെടുക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും റവന്യു പുറമ്പോക്കുഭൂമി കണ്ടെത്തി വീണ്ടെടുക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(4) വർഷകാലങ്ങളിൽ പമ്പാനദിയിലെ ജലവിതാനം ഉയരുമ്പോൾ ആറന്മുളയിൽ വെള്ളപ്പൊക്കം ഉണ്ടാകാതെ സംരക്ഷിക്കുന്ന കോഴിത്തോടിനു കുറുകെ ഒരു പാലം നിർമ്മിക്കുന്നതിനുവേണ്ടി അപ്രോച്ച് റോഡിന് മണ്ണിട്ടുയർത്തിയപ്പോൾ വെള്ളത്തിന്റെ സ്വതന്ത്രമായ ഒഴുക്ക് തടസ്സപ്പെടുകയും വെള്ളം കെട്ടി നിന്ന് കൃഷി നശിക്കുകയും തുടർന്ന് കൃഷിയിറക്കുവാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുകയും ചെയ്തു. അതിനാൽ മണ്ണ് നീക്കം ചെയ്ത് ജലത്തിന്റെ സ്വാഭാവിക ഒഴുക്ക് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

(5) കോഴിത്തോടിൽ നിന്നും വെള്ളം ലഭിക്കാതെ വന്നപ്പോൾ മുതലാണ് പുഞ്ചപ്പാടങ്ങളിലെ കൃഷി നിലച്ചത്. നികത്തിയ സ്ഥലത്തെ മണ്ണ് മുഴുവൻ മാറ്റുന്നതിനും കോഴിത്തോട് പൂർവ്വസ്ഥിതിയിൽ കൊണ്ട് വരുന്നതിനും കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(6) വിമാനത്താവളം വ്യവസായമായി അംഗീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ വിമാനത്താവളങ്ങളുടെ സംസ്ഥാനത്തെ നോഡൽ വകുപ്പ് ഗതാഗത വകുപ്പാണെന്നിരിക്കെ വ്യവസായ വകുപ്പ് കേന്ദ്ര ഗവൺമെന്റ് പൈതൃക ഗ്രാമമായി പ്രഖ്യാപിച്ചിട്ടുള്ള ആറന്മുള കൂടാതെ സമീപത്തുള്ള മല്ലപ്പുഴശ്ശേരി, കിടങ്ങന്നൂർ എന്നീ വില്ലേജുകൾ അടങ്ങുന്ന പ്രദേശങ്ങളെ വ്യവസായമേഖലയായി പ്രഖ്യാപിച്ചത് സംശയാസ്പദമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ തീരുമാനം പുനഃപരിശോധിക്കണമെന്നും ഭാവിയിൽ ഒരു പ്രദേശത്തെ വ്യവസായ മേഖലയായി പ്രഖ്യാപിക്കും മുൻപ് ബന്ധപ്പെട്ട എല്ലാ വകുപ്പുകളുമായി ചർച്ച നടത്തണമെന്നും പ്രദേശവാസികളുടെ അഭിപ്രായം ആരായണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(7) നിലം നികത്തലിനെതിരെ ചില വ്യക്തികൾ ബഹു. ഹൈക്കോടതിയെ സമീപിച്ച് നിലം പുനഃസ്ഥാപിക്കണമെന്ന വിധി സമ്പാദിച്ചിരുന്നതായും എന്നാൽ, പ്രസ്തുത വിധി നടപ്പാക്കുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അലംഭാവം കാട്ടിയതായും മനസ്സിലാക്കുന്നു. ആയതിനാൽ, പ്രസ്തുത വിധി അടിയന്തിരമായി നടപ്പാക്കുന്നതിനും വിധി നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(8) കോഴിത്തോട് മണ്ണിട്ട് നികത്തി ജലത്തിന്റെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുത്തിയവർക്കെതിരെ ഒരു നിയമനടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ഈ ഗുരുതരമായ നിയമലംഘനത്തിനെതിരെ നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെയും നിലം നികത്തിയവർക്കെതിരെയും ശിക്ഷാനടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(9) വ്യവസായ മേഖലയായി നോട്ടിഫൈ ചെയ്തതിനെത്തുടർന്ന് പ്രസ്തുത പ്രദേശത്തുള്ള കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടി വരുമെന്നതിനാൽ, പത്തനംതിട്ട കളക്ട്രേറ്റിൽ വച്ച് ചേർന്ന യോഗത്തിൽ കെ.ജി.എസ്. ഗ്രൂപ്പിന്റെ കൈവശമുള്ള ഭൂമിയൊഴികെ ബാക്കിയുള്ളവ ഡി-നോട്ടിഫൈ ചെയ്യാൻ വേണ്ടി വ്യവസായ വകുപ്പിന് നൽകിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, കെ.ജി.എസ്. ഗ്രൂപ്പിന്റെ കൈവശമുള്ള ഭൂമിയൊഴികെ ബാക്കിയുള്ളവ അടിയന്തിരമായി denotify ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(10) ആറന്മുള വിമാനത്താവളത്തിനുവേണ്ടി നെൽവയൽ/നീർത്തടം നികത്തി മാറ്റം ചെയ്യണമെന്നാവശ്യപ്പെട്ട് അപേക്ഷയൊന്നും സംസ്ഥാനതല അപ്രൂവൽ കമ്മിറ്റി മുമ്പാകെ വന്നിട്ടില്ലെന്നും കെ.ജി.എസ്. ഗ്രൂപ്പ് ഭൂമി കണ്ടെത്തി സർക്കാരിന് അപേക്ഷ നൽകുമ്പോൾ 2008-ലെ നെൽവയൽ നീർത്തട സംരക്ഷണ നിയമം ഉൾപ്പെടെയുള്ള നിയമങ്ങൾക്ക് വിധേയമായി മാത്രമേ തീരുമാനമെടുക്കുകയുള്ളൂവെന്ന് ബന്ധപ്പെട്ട വകുപ്പു മേധാവികൾ സമിതിക്ക് ഉറപ്പ് നൽകിയിരുന്നു. പ്രസ്തുത ഉറപ്പ് പാലിക്കപ്പെടണമെന്നും, കൃഷിയെ പുനരുജ്ജീവിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി കൊണ്ടുവന്ന നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ ഈ വിഷയത്തിൽ കർശനമായി പാലിക്കണമെന്നും ഈ നിയമം വരുന്നതിന് മുൻപുള്ള കാലയളവിൽ ടി പ്രദേശത്തെ നെൽവയൽ നികത്തിയവർക്കെതിരേ Land Utilisation Act-ലെ വ്യവസ്ഥകൾ അനുസരിച്ചുള്ള നിയമനടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(11) വിമാനത്താവള നിർമ്മാണ പ്രദേശത്തെ സംബന്ധിച്ച് സംസ്ഥാനത്തെ Environment Impact Committee ഒരു പഠനവും ഇതുവരെ നടത്തിയിട്ടില്ല എന്നാണ് സമിതിക്ക് ലഭിച്ച റിപ്പോർട്ട്. ഇത്തരത്തിൽ ഒരു പഠനം നടത്താതിരുന്നത് എന്തുകൊണ്ടാണെന്നും പഠനം നടത്തുന്ന തിനും പൊതുജനങ്ങളിൽ നിന്നും hearing നടത്തുന്നതിനും മുൻപ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് K.G.S. ഗ്രൂപ്പിന് ഡിഫൻസ് ക്ലിയറൻസ് ലഭിക്കുന്നതിന് അനുകൂലമായ ശുപാർശ ചെയ്യുവാനുണ്ടായ സാഹചര്യത്തെ സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സി. പി. മുഹമ്മദ്,

*ചെയർമാൻ,*

*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2012 ജൂലൈ, 9.